**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **18-01-2021 - ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ് സ്കൂളുകളുടെ ഫീസ് പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി .,<br>ശ്രീ . പാറക്കൽ അബ്ദുല്ല ,<br>ശ്രീ . എം . ഉമ്മർ | | **Prof. C. Raveendranath**<br>**(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് കാലഘട്ടത്തിൽ അൺ എയ്ഡഡ് സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്കൂളുകളിൽ ഫീസ് പിരിക്കുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സ്കൂളുകളുടെ ഫീസുകൾ നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്ന മാതൃകയിൽ ഈ സ്കൂളുകളുടെയും ഫീസ് നിശ്ചയിക്കുന്നതിന് കമ്മീഷനെ നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1270 18/01//2021 ൽ മറുപടിയ്ക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളുടെ ഫീസ് പിരിവ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. അബ്ദുൽ ഹമീദ് .പി .<br>ശ്രീ . പാറക്കൽ അബ്ദുല്ല<br>ശ്രീ . എം . ഉമ്മർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോവിഡ് കാലഘട്ടത്തിൽ അൺ എയ്ഡഡ് സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്കൂളുകളിൽ ഫീസ് പിരിക്കുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സ്കൂളുകളുടെ ഫീസുകൾ നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് അറിയിക്കാമോ; | (ബി) ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

| | |
|---|---|
| (സി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്ന മാതൃകയിൽ ഈ സ്കൂളുകളുടെയും ഫീസ് നിശ്ചയിക്കുന്നതിന് കമ്മീഷനെ നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ